**<u>15 -ാം കേരള നിയമസഭ</u>**

**<u>8 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5468</u>** **<u>15-03-2023 - ൽ മറുപടിയ്ക്ക്</u>**

**<u>കെ.എസ്.ആർ.ടി.സി.യുടെ ആഭിമുഖ്യത്തിലുള്ള പൊതുഗതാഗത സംവിധാനം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. പി. ഉബൈദുള്ള | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യുടെ ആഭിമുഖ്യത്തിലുള്ള പൊതുഗതാഗത സംവിധാനം ഫലപ്രദമാകുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് പൊതുഗതാഗത സംവിധാനം ഫലപ്രദമാകുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തെ റോഡ് ഗതാഗത സംവിധാനത്തിൽ കെ.എസ്.ആർ.ടി.സി., കെ.എസ്.ആർ.ടി.സി.-സിഫ്റ്റ്, കെ.യു.ആർ.ടി.സി. എന്നീ പൊതുമേഖലാ സ്ഥാപനങ്ങളിലൂടെ ശക്തമായ ഇടപെടൽ സംസ്ഥാന സർക്കാർ നിർവ്വഹിക്കുന്നുണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി. -യ്ക്ക് നിശ്ചിത ഷെഡ്യൂളുകളും സമയക്രമവും പാലിക്കുവാൻ കഴിയുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | പൊതുജനങ്ങളായ യാത്രക്കാരുടെ സൗകര്യാർത്ഥം നിശ്ചിത ഷെഡ്യൂളുകളും സമയക്രമവും പാലിച്ച് സർവ്വീസ് നടത്തുന്നതിന് കെ.എസ്.ആർ.ടി.സി.യ്ക്ക് കഴിയുന്നുണ്ട്. എന്നാൽ അപ്രതീക്ഷിത ട്രാഫിക് ബ്ലോക്കുകളും മറ്റും കാരണം ഉണ്ടാകുന്ന തടസ്സങ്ങൾ ചില സമയങ്ങളിൽ ബസ്സുകൾ താമസിക്കുന്നതിന് കാരണമാകുന്നുണ്ട്. |
| (സി) | കെ.എസ്.ആർ.ടി.സി. സർവീസുകളെ ആശ്രയിക്കുന്ന മേഖലകളിൽ ശാസ്ത്രീയമായി ഷെഡ്യൂളുകൾ പരിഷ്കരിച്ചും സമയക്രമം പൂർണ്ണമായും പാലിച്ചും സർവീസ് നടത്തുന്നതിന് ആവശ്യമായ നിർദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ? | (സി) | കെ.എസ്.ആർ.ടി.സി. സർവീസുകളെ ആശ്രയിക്കുന്ന മേഖലകളിൽ ശാസ്ത്രീയമായി ഷെഡ്യൂളുകൾ പരിഷ്കരിച്ചും സമയക്രമം പൂർണ്ണമായും പാലിച്ചും സർവീസ് നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>വരുമാനം വർദ്ധിപ്പിക്കുന്നതിനായി അധികമായി നോൺ പീക്ക് സമയത്ത് ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകൾ ക്രമീകരിക്കുകയും പീക്ക് സമയത്ത് പരമാവധി ട്രിപ്പുകൾ ലഭിക്കുകയും ചെയ്യുന്ന രീതിയിൽ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ഡ്യൂട്ടികൾ ക്രമീകരിച്ചു വരുന്നു.<br><br>സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക് സർവ്വീസുകൾ നടത്തുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ |

| | | | |
|---|---|---|---|
| | | | ഗ്രാമവണ്ടി എന്ന പേരിൽ പ്രത്യേക ബസ് സർവ്വീസ് ആരംഭിച്ചിട്ടുണ്ട്.<br><br>ഷെഡ്യൂൾ ഒപ്റ്റിമൈസേഷനിലൂടെ കൂടുതൽ ബസ്സുകൾ യൂണിറ്റുകൾക്ക് നൽകി ഓപ്പറേറ്റ് ചെയ്യും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് വഴി ലഭിക്കുന്ന ആധുനിക ബസ്സുകളും ജീവനക്കാരും ഉപയോഗിച്ച് സർവ്വീസ് നടത്തുമ്പോൾ ലഭിക്കുന്ന അധിക വരുമാനവും കൂടാതെ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ക്രൂ ലഭ്യമാകുന്നതിലൂടെ ചെലവ് കുറയ്ക്കുകയും കെ.എസ്.ആർ.ടി.സി.യ്ക്ക് ഒഴിവാകുന്ന ജീവനക്കാരെ ഉപയോഗിച്ച് പുതിയ അധിക സർവ്വീസ് നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ